ഉത്തരം

(എ) ഇല്ല.

(ബി) മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ, സൂപ്പർമാർക്കറ്റുകൾ, തെരഞ്ഞെടുത്ത റേഷൻ കടകൾ എന്നിവ മുഖേന കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നതുവഴി ഫലപ്രദമായ കമ്പോള ഇടപെടലാണ് സർക്കാർ നടത്തിവരുന്നത്.

(സി) മാവേലി സ്റ്റോറുകൾ നിലവിലില്ലാത്ത 135 പഞ്ചായത്തുകളിൽ കൂടി ഓരോ മാവേലി സ്റ്റോർ വീതം അനുവദിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നിലവിൽ 17 നിത്യോപയോഗ ഭക്ഷ്യസാധനങ്ങൾ മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്തുവരുന്നു. പച്ചക്കറി ഒഴിച്ചുള്ള മിക്കവാറും എല്ലാ നിത്യോപയോഗ ഭക്ഷ്യസാധനങ്ങളും മാവേലിസ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നുണ്ട്.

പൊതുവിതരണ ശൃംഖലയിലെ വിലനിയന്ത്രണ നടപടികൾ

38 [2007] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ ശൃംഖലയിലെ റേഷൻ കടകൾ, ത്രിവേണി, മാവേലി, ലാഭം സ്റ്റോറുകൾ, നീതി സ്റ്റോറുകൾ ഇവയുടെ ഫലപ്രദമായ വില നിയന്ത്രണ നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) പൊതുവിപണിയിൽ സർക്കാരിന്റെ ഇടപെടൽമൂലം നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ മാറ്റമുണ്ടായിട്ടുണ്ടോ; വ്യത്യാസത്തിന്റെ വിശദമായ വിലവിവരപ്പട്ടിക ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയിലെ റേഷൻ കടകൾ വഴി അരി, ഗോതമ്പ്, പഞ്ചസാര, പി.ഡി.എസ്. ആട്ട എന്നിവ വിതരണം ചെയ്യുന്നുണ്ട്. വിലവിവരം താഴെ ചേർക്കുന്നു:

(വില 1 കിലോഗ്രാമിന്)

	എ.പി.എൽ.	*ബി.പി.എൽ.*
അരി	8.90 രൂപ	6.20 രൂപ
ഗോതമ്പ്	6.70 ,,	4.70 ,,
പഞ്ചസാര	. .	13.50 ,,
പി.ഡി.എസ്. ആട്ട	10.90 ,,	10.90 ,,

LIBRARY ARCHIVES Kerala Legislative Assembly

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴി അവശ്യസാധനങ്ങൾ പൊതുമാർക്കറ്റിലെ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വിതരണം നടത്തിവരുന്നു.

നീതി സ്റ്റോറുകൾ, ത്രിവേണി സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴിയും പൊതുമാർക്കറ്റിലെ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം നടത്തിവരുന്നു.

(ബി) സർക്കാരിന്റെ ഇടപെടൽമൂലം പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനഫലപ്രദമായി തടയുവാൻ കഴിഞ്ഞിട്ടുണ്ട്. വിശദമായ വിലവിവരപ്പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

പുതിയ ദാരിദ്ര്യരേഖാ ലിസ്റ്റ്

39 [2008] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ദാരിദ്ര്യരേഖാ ലിസ്റ്റ് നിലവിൽ വന്നാൽ സംസ്ഥാനത്ത് ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന റേഷൻ ആനുകൂല്യങ്ങൾ നഷ്ടമാകുമെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇപ്പോൾ സംസ്ഥാനത്ത് എത്ര പേരാണ് റേഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതെന്നും ദാരിദ്ര്യരേഖാ ലിസ്റ്റിന്റെ സാമ്പിൾ സർവ്വേ അനുസരിച്ച് എത്ര പേർക്കാണ് റേഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതെന്നും വിശദമാക്കാമോ;

(ഡി) 2001 ഏപ്രിൽ മാസത്തിൽ സംസ്ഥാനത്ത് എത്ര റേഷൻ കടകൾ പ്രവർത്തിച്ചിരുന്നുവെന്നും ഇപ്പോൾ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഇല്ല.

(സി) ഇപ്പോൾ സംസ്ഥാനത്തെ 1.02 കോടി ജനങ്ങൾ റേഷൻ സാധനങ്ങൾ വാങ്ങുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ദാരിദ്ര്യരേഖാ ലിസ്റ്റിന്റെ സാമ്പിൾ സർവെ അനുസരിച്ച് എത്ര പേർക്ക് റേഷൻ ആനുകൂല്യങ്ങൾ ലഭിക്കുമെന്നതിന്റെ കണക്കുകൾ ലഭ്യമല്ല.

(ഡി) ഇപ്പോൾ 14131 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. 2001 ഏപ്രിൽ മാസത്തിലെ കണക്ക് ശേഖരിച്ചുനൽകുന്നതാണ്.

---

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം X

[നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരം 38 (2007) കാണുക]

പൊതുവിപണിയിലെ അവശ്യസാധനങ്ങളുടെ ചില്ലറ വിൽപ്പന വില

(ഒരു കി. ഗ്രാമിന്റെ വില രൂപയിൽ)

ക്രമ നമ്പർ	*ഇനം*	*2003 ഡിസംബർ മാസത്തെ വില*	*2004 ജൂൺ മാസത്തെ വില*
1	അരി (വെള്ള)	11.50	11.10
2	പച്ചരി	11.25	11.00
3	അരി ചമ്പാവ്	14.00	14.35
4	ചെറുപയർ	27.90	26.90
5	ഉഴുന്ന് പരിപ്പ്	26.40	25.25
6	തുവര പരിപ്പ്	30.30	30.60
7	കടല	25.75	25.40
8	മുളക്	54.00	42.00
9	മല്ലി	37.00	32.00
10	കടുക്	30.00	28.00
11	പഞ്ചസാര	14.20	16.65
12	മൈദ	13.00	12.40
13	സൂജി	12.80	12.95
14	ശർക്കര	16.25	20.65
15	വെളിച്ചെണ്ണ	65.00	68.00
16	തേയില	76.00	79.00
17	പീസ് പരിപ്പ്	22.00	21.00
18	വൻപയർ	21.70	18.25
19	ജീരകം	110.00	97.00
20	മഞ്ഞൾ	39.00	41.00
21	ഉലുവ	28.00	28.00

LIBRARY ARCHIVES Kerala Legislative Assembly